## പതിനാലാം കേരള നിയമസഭ
### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4896 23/03/2018-ൽ മറുപടിയ്ക്ക്

**ആദിവാസി ക്ഷേമപദ്ധതികൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി : | | ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | ആദിവാസി ക്ഷേമപദ്ധതികളുടെ പുരോഗതി യഥാസമയം വിലയിരുത്താറുണ്ടോ; എങ്കിൽ ഇത്തരം പദ്ധതി നടത്തിപ്പിലെ കാല താമസം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (എ) | പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കുന്നതിനും, കാലതാമസം ഒഴിവാക്കുന്നതിനും വേണ്ടി ഡയറക്ടറേറ്റ് തലത്തിൽ വീഡിയോ കോൺഫറൻസുകളും, ഫീൽഡ് ഓഫീസർമാരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പദ്ധതി അവലോകന യോഗങ്ങളും സംഘടിപ്പിക്കുന്നുണ്ട്. ഡയറക്ട റേറ്റിൽ നിന്നുള്ള നിയന്ത്രണോദ്യോഗസ്ഥർ ജില്ലാ ഓഫീസുകൾ സന്ദർശിച്ച് പദ്ധതി അവലോകനം നടത്തുന്നുണ്ട്.<br><br>പട്ടികവർഗ്ഗക്കാർക്കുള്ള നിലവിലുള്ള എല്ലാ സാമ്പത്തിക ആനുകൂല്യങ്ങളും ബാങ്ക് അക്കൗണ്ടുകൾ വഴിയാണ് നൽകി വരുന്നത്.<br><br>പട്ടികവർഗ്ഗക്കാരുടെ ക്ഷേമപ്രവർത്തന ങ്ങൾക്കായി വകയിരുത്തുന്ന തുക അവരുടെ ക്ഷേമ പ്രവർത്തന ങ്ങൾക്ക് തന്നെ ചെലവഴി ക്കുന്നുവെന്ന് കൃത്യമായി മോണിട്ടർ ചെയ്യുന്നതിനും കാലതാമസം കൂടാതെ പദ്ധതി അവലോകനം നടത്തുന്നതിനും ജില്ലാ കളക്ടർ അദ്ധ്യക്ഷനായി സ്ഥലം എം.എൽ.എ മാർ ഉൾപ്പെടുന്ന കമ്മിറ്റിയും, ഡിസ്ട്രിക്ട് ഡെവലപ്പ്മെന്റ് കമ്മിറ്റിയും നിലവിലുണ്ട്. ഇതിനുപുറമേ സംസ്ഥാന തലത്തിൽ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും പദ്ധതി വിലയിരുത്തുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ആദിവാസി ക്ഷേമ പദ്ധതികളിലെ പുരോഗതി വിലയിരുത്തുന്നതിന്റെ ഭാഗമായി വകുപ്പ് സെക്രട്ടറിമാർ ഉൾപ്പെടെയുള്ള ഉന്നത ഉദ്യോഗസ്ഥർ എത്ര തവണ ആദിവാസി ഊരുകളിൽ സന്ദർശനം നടത്തിയിട്ടുണ്ട്; എങ്കിൽ ഏതെല്ലാം ഊരുകളാണ് സന്ദർശി ച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ? | (ബി) | പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ഡയറക്ടർ എന്നിവർ എല്ലാ ജില്ലകളിലും സന്ദർശനം നടത്തി പദ്ധതി അവലോകനം നടത്താറുണ്ട്. ഇതിനുപുറമേ പ്രത്യേകവിഷയങ്ങൾ സംബന്ധിച്ച് പഠിക്കുന്നതിനായും പരിഹാരം കണ്ടെത്തു ന്നതിനായും ഊരുകൾ സന്ദർശിക്കാറുണ്ട്. കൂടാതെ പദ്ധതി പുരോഗതി വിലയിരുത്തുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പിലെ നിയന്ത്രണ ഉദ്യോഗസ്ഥർക്ക് എല്ലാ ജില്ലകളിലും ചുമതല നൽകിയിട്ടുണ്ട്. പ്രസ്തുത ഉദ്യോഗസ്ഥർ പട്ടികവർഗ്ഗ ഊരുകളും ജില്ലാ ഓഫീസുകളും സന്ദർശിച്ച് പദ്ധതി പുരോഗതി വിലയിരുത്തുന്നു. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആദിവാസിക്ഷേമത്തിനായി എത്ര തുക വകയിരുത്തിയിട്ടുണ്ട്; ഇതിൽ നാളിതുവരെ ചെലവഴിച്ച തുക എത്രയാണ്; ചെലവഴിക്കാതെ ബാക്കിയുള്ള തുക എത്രയാണ്; വർഷം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016-17 സാമ്പത്തിക വർഷം ആദിവാസി ക്ഷേമത്തിനായി 823.46 കോടി രൂപ വകയിരുത്തിയിരുന്നു. ഇതിൽ 687.49 കോടി രൂപ ചെലവഴിച്ച ,175.97 കോടി രൂപ ചെലവഴിച്ചില്ല. 2017-18 സാമ്പത്തികവർഷം 892.90 കോടി രൂപ വകയിരു ത്തിയിരുന്നു. ഇതിൽ വർഷാവസാനത്തെ ലഭ്യമായ കണക്ക പ്രകാരം 89.71 % ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ